# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2285 16.08.2017-ൽ മറുപടിക്ക്

## വിനോദസഞ്ചാരരംഗത്ത് സ്ഥായിയായ വികസനം

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. സി.കെ. ശശീന്ദ്രൻ
ശ്രീമതി. വീണ ജോർജ്ജ്
ശ്രീ. കാരാട്ട് റസാഖ്

എ) വിനോദസഞ്ചാര മേഖലയിൽ മദ്യ നിരോധനം, നോട്ടുനിരോധനം, ജി.എസ്.ടി തുടങ്ങിയ പ്രതികൂല ഘടകങ്ങൾ നിലനിൽക്കെത്തന്നെ വളർച്ച നേടാൻ കഴിയും വിധം കഴിഞ്ഞ ഒരു വർഷം നടപ്പിലാക്കിയ പദ്ധതികൾ അറിയിക്കാമോ;

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) വിനോദസഞ്ചാര മേഖലയിൽ മദ്യ നിരോധനം, നോട്ടുനിരോധനം, ജി.എസ്.ടി തുടങ്ങിയ പ്രതികൂല ഘടകങ്ങൾ നിലനിൽക്കെത്തന്നെ വളർച്ച നേടാൻ കഴിയും വിധം കഴിഞ്ഞ ഒരു വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ' പ്രസാദ് ' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂരിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതിയായ "പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി" വികസനം, സ്പിരിച്വൽ ടൂറിസം പദ്ധതി കളായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) " ശ്രീ പത്മനാഭ-ആറന്മുള-ശബരിമല" വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി 8 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബി യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.
- ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനവും പരിപാലനവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആരംഭിച്ചു.
- കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദ സഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചു കൊണ്ടുള്ള ഒരു ബൃഹത്പദ്ധതിയായ മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം-പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു
- ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ-വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ, വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി, ചിമ്മിനി, കാലടി-മലയാറ്റൂർ-

ആതിരപ്പള്ളി, പീരുമേട്- കുട്ടിക്കാനം- വാഗമൺ- ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആരംഭിച്ചു.

- ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ചു.
- പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദ മാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തി.
- ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി ' ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' പദ്ധതി നടപ്പിലാക്കി.
- വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം കുറിച്ചു.
- ഡി.റ്റി.പി.സി. കളും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളും പുന:സംഘടിപ്പിച്ചു.
- ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാ ക്കുന്നതിനും തീർപ്പാക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്ന തിനുമായി എം.എൽ.എ മാരുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു
- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനത കളും പരിഹരിക്കുന്നതിനായി പൊതു മരാമത്ത് വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി നടപ്പിലാക്കി വരുന്നു.
- കൊല്ലം ജില്ലയിലെ ചടയമംഗലത്ത് 'ജടായുപാറ ടൂറിസം പദ്ധതി ' ആരംഭിച്ചു.
- അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ, ഇതിന്റെ ഭാഗമായി ടാക്സി ബ്രാന്റിംഗ്, അച്ചടി-നവ മാധ്യമങ്ങളിലെ പരസ്യ പ്രചരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു
- ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർ മാരുമായി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു
- നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി 'ഗോ കേരള ആപ്പ്, ' ലോവസ്റ്റ് യൂണിക് ബിഡ് ' എന്നീ വിപണന പരിപാടികൾക്ക് തുടക്കം കുറിച്ചു.

- ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസ് ആരംഭി ക്കുന്നതിന് ഭരണാനുമതി നൽകി.

ബി) വിനോദസഞ്ചാര രംഗത്തെ വികസനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കുമോ;

ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്ന നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനമായും താഴെ പറയുന്ന പത്തിന പരിപാടികളും അജണ്ടയെയും അടിസ്ഥാന മാക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.
2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പ് വരുത്തൽ, അടിയന്തിര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.
8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം-തിരിച്ചറിയൽ കാർഡ്.
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം
10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽ പറഞ്ഞ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുന്നതാണ്.

സംസ്ഥാനത്തെ ടൂറിസം സീസണെ വരവേൽക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം (2016-ൽ) സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെയുള്ള കാലയളവിൽ ഒരു ക്യാമ്പയിൻ പോലെ ഈ പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കുകയുണ്ടായി. ടി കേന്ദ്രങ്ങളിലെല്ലാം തന്നെ മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ ഈ പദ്ധതിയിലൂടെ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| സി) വിനോദസഞ്ചാര രംഗത്ത് സ്ഥായിയായ വികസനം സാധ്യമാക്കുന്ന തിനായി ആയുർവേദ ചികിത്സ പോലെയുള്ള സേവനങ്ങളുടെ വിപണനത്തിന് പ്രാധാന്യം നൽകി ക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുമോ? | സി) വിനോദസഞ്ചാര രംഗത്ത് സ്ഥായിയായ വികസനം സാധ്യമാക്കുന്നതിനായി ആയുർവേദ ചികിത്സയുടെ വിപണനത്തിനായി മിഡിൽ ഈസ്റ്റ് ക്യാംപയിനുകൾ, സ്കാന്റിനേവിയൻ ക്യാംപെയിൻ എന്നിവ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ